# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2443 05.11.2019- ൽ മറുപടിക്ക്

## വനിതാ സംരംഭകർക്ക് പ്രോത്സാഹനം

**ചോദ്യം** **ഉത്തരം**

ശ്രീ.അബ്ദുൽ ഹമീദ് പി.

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായ മേഖലയിൽ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോ; | എ) & ബി) | 2012 മുതൽ വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭക സഹായ പദ്ധതിപ്രകാരം വനിതാ സംരംഭകർക്ക് പ്രോത്സാഹനം എന്ന നിലയിൽ 5% അധിക സബ്സിഡി നൽകിവരുന്നു. ജനറൽ വിഭാഗങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% വും വനിതാ സംരംഭകർക്ക് 20% വുമാണ് സബ്സിഡി ആയി നൽകുന്നത്. വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന നാനോ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതിയിലും ജനറൽ വിഭാഗത്തിന് ബാങ്ക് വായ്പയുടെ 6% പലിശ റീ ഇംബേഴ്സ് ചെയ്തു നൽകുമ്പോൾ വനിതകൾക്ക് 8% നൽകുന്നു.<br>കൂടാതെ വനിതാ സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കുന്നതിനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ വരെ ആറു വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി ആരംഭിച്ചിട്ടുണ്ട്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്/IT) വ്യാപാര വിപുലീകരണത്തിനോ, ആധുനികവൽക്കരണത്തിനോ, വൈവിധ്യത്തിനോ, ആണ് കെ.എസ്.ഐ.ഡി.സി.യുടെ ഹ്രസ്വകാല വായ്പാ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.<br>എല്ലാ വിഭാഗത്തിൽപ്പെട്ട വനിതാ സംരംഭകർക്കും മേൽ പദ്ധതി ആനുകൂല്യങ്ങളിൽ മുൻഗണന നൽകിവരുന്നു. |
| ബി) | ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ദരിദ്രരും സംരംഭകത്വ ശേഷിയുള്ളവരുമായ വിധവകൾക്കും അവിവാഹിതകൾക്കും ഇത്തരം പദ്ധതികളിൽ മുൻഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ